കേരള ഭാഗ്യമാല

* 224. [246] ശ്രീ. മണിമംഗലത്ത് കുട്ട്യാലി :
,, കെ. കെ. ശ്രീനിവാസൻ :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, കെ. എസ്. നാരായണൻ നമ്പൂതിരി : തഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേരള ഭാഗ്യമാല എന്ന പേരിൽ അറിയപ്പെടുന്ന ഭാഗ്യക്കുറി സംസ്ഥാന ഗവൺമെന്റ് നടത്തുന്നതാണോ ;

(ബി) ആണെങ്കിൽ കേരള ഭാഗ്യക്കുറിക്ക് സമാന്തരമായി ഇത് നടത്താൻ കാരണമെന്ത് ;

(സി) കേരള ഭാഗ്യമാല എത്ര നറുക്കെടുപ്പ് നടത്തി ; അതിൽനിന്നും ലഭിച്ച ലാഭമെത്ര ; ഇത് എന്തിനായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) അല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 6 നറുക്കെടുപ്പ് നടത്തി. ലാഭത്തിന്റെ കണക്ക് പൂർത്തിയായിട്ടില്ല. ഈ നറുക്കെടുപ്പിലൂടെ ലഭിക്കുന്ന ലാഭം ആദ്യമായി സർക്കാർ ജാമ്യത്തിൻമേലും ഉറപ്പിലും ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി കടമെടുത്തിട്ടുള്ള തുക തിരിച്ചടയ്ക്കാനാണ് ചെലവാക്കുക. ലാഭത്തിൽനിന്നും ലഭിക്കുന്ന ബാക്കി തുകയിൽ ഒരുഭാഗം പോലീസ് സേനാംഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

വൈദ്യുതി ഉപയോഗം-സൗജന്യമാക്കാൻ നടപടി

* 225. [247] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. കെ. കെ. ബാവ :
,, നാലകത്ത് സൂപ്പി :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതി 100 യൂണിറ്റ് വരെ ഒരു നിശ്ചിതവരുമാനത്തിന് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമാക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly